പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിലുള്ള ഗ്രാന്റ്

243 (3679) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകിവരുന്ന ഗ്രാന്റിന് എന്തു പേരാണ് നൽകിയിട്ടുള്ളത് L.P, U.P., H.S., വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് എത്ര തുക വീതമാണ് നൽകി വരുന്നത് ; എന്നു മുതലാണ് ഈ തുക നൽകിവരുന്നത് ;

(ബി) മറ്റു പിന്നോക്ക (OBC) വിഭാഗ വിദ്യാർത്ഥികൾക്കും ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കും 10-ാം ക്ലാസ് വരെ ഏതെങ്കിലും തരത്തിലുള്ള ഗ്രാന്റ് നൽകിവരുന്നുണ്ടോ ; എന്താണ് ഇതിന് പേര് നൽകിയിട്ടുള്ളത് ; L.P., U.P., H.S., വിഭാഗങ്ങളിൽ ഉള്ളവർക്ക് എത്ര തുക വീതമാണ് നൽകി വരുന്നത് ; എന്നു മുതലാണ് ഈ തുക നൽകിവരുന്നത് ;

(സി) വർഷത്തിൽ ഒരു തവണ മാത്രം നൽകിവരുന്ന ഈ തുകകൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് എന്ന പേരും മറ്റ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പേരും നൽകുന്നത് വിവേചനപരമല്ലേ ; ഇതു തിരുത്തി രണ്ടിനും സ്കോളർഷിപ്പ് എന്ന ഒരേ പേര് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വാർഷിക ഗ്രാന്റ് തുക മൂന്നു വർഷത്തിലൊരിക്കൽ പുതുക്കണം എന്ന നിർദ്ദേശം അനുസരിച്ച് 2015 ജനുവരിയിൽ പുതുക്കേണ്ടിയിരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി ഈ തുക പുതുക്കി മറ്റു വിഭാഗ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് തുല്യമാക്കി കുടിശ്ശിക സഹിതം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലംപ്സം ഗ്രാന്റ്

LP - Rs. 250

UP - Rs. 500

HS - Rs. 750

LIBRARY ARCHIVES Kerala Legislative Assembly

സ.ഉ.(കൈ) നമ്പർ - 6/2012/പജപവവിവ തീയതി, 11-1-2012 പ്രകാരം 2012 മുതൽ ഇ ു ുക നൽകിവരുന്നു. കൂടാതെ IX, X ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സി.എസ്.എസ്. സ്കോളർഷിപ്പും നൽകുന്നുണ്ട്. ഡേ-സ്കോളേഴ്സിന് 2,250 രൂപയും ഹോസ്റ്റലേഴ്സിന് 4,500 രൂപയും പ്രതിവർഷം നൽകുന്നു. കൂടാതെ 1-4• വരെയുള്ള കുട്ടികൾക്ക് 2,000 രൂപ വീതം ഗ്രാന്റായി നൽകുന്നു.

(ബി) പത്താം ക്ലാസ്സുവരെ പ്രതിവർഷം നൽകുന്ന ഗ്രാന്റിന് ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് (50% CSS) എന്ന പേരാണ് നൽകിയിട്ടുള്ളത്.

ഹോസ്റ്റലേഴ്സ്

ക്ലാസ് III മുതൽ VIII വരെ - 200 രൂപ നിരക്കിൽ 10 മാസം.

ക്ലാസ് IX മുതൽ X വരെ - 250 രൂപ നിരക്കിൽ 10 മാസം.

ഡേ സ്കോളേഴ്സ്

ക്ലാസ് I മുതൽ V വരെ - 25 രൂപ നിരക്കിൽ 10 മാസം.

ക്ലാസ് VI മുതൽ VIII വരെ - 40 രൂപ നിരക്കിൽ 10 മാസം.

ക്ലാസ് IX മുതൽ X വരെ - 50 രൂപ നിരക്കിൽ 10 മാസം.

അഡ്ഹോക്ക് ഗ്രാന്റ്

500 രൂപ ഹോസ്റ്റലേഴ്സും ഡേ സ്കോളേഴ്സും ആയ കുട്ടികൾക്ക് വർഷംതോറും നൽകിവരുന്നു. ഇതിന് മാതാപിതാക്കളുടെ വാർഷിക വരുമാനം 44,500-രൂപയിൽ കവിയാൻ പാടില്ല. ന്യൂനപക്ഷ ക്ഷേമവകുപ്പിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിൽനിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. വിദ്യാർത്ഥികൾക്ക് വർഷത്തിൽ ഒരു തവണ മാത്രം അനുവദിക്കുന്ന ുകയായതിനാലാണ് ടി ുക ലംസ്സംഗ്രാന്റ് എന്ന പേരിലറിയപ്പെടുന്നത്.

(ഡി) ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വാർഷിക ഗ്രാന്റ് ുക പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly